**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4934** **01-11-2021 - ൽ മറുപടിയ്ക്ക്**

**കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തിരം പെൻഷൻ വിതരണം നടത്തുന്നില്ല. എന്നാൽ കർഷക തൊഴിലാളി പെൻഷൻ ധനകാര്യ വകുപ്പിൽ നിന്നും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേന പഞ്ചായത്ത് ഡയറക്ടർക്ക് നൽകുകയും ആയത് ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ ഗുണഭോക്താക്കൾക്ക് നൽകി വരുന്നു. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് 2020 സെപ്റ്റംബർ മാസം മുതൽ അതാത് മാസം പെൻഷൻ വിതരണം ചെയ്തു വരുന്നു. 2021 സെപ്റ്റംബർ വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ട്. 2021 ഒക്ടോബർ മാസത്തെ പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബോർഡിൽ അതിവർഷാനുകൂല്യം കൊടുത്തു തീർക്കുന്നതിന് അനുവദിച്ചിരുന്ന 130 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇതേ ആവശ്യത്തിലേയ്ക്കായി 20 കോടി രൂപ കൂടി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. |
| (ബി) | അംഗങ്ങൾക്ക് ഏത് വർഷം വരെയുള്ള ആനുകൂല്യങ്ങളാണ് നിലവിൽ നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങളിൽ മരണാനന്തര സഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവയിൽ കുടിശ്ശിക ഇല്ല അതിവർഷാനുകൂല്യം 2014 ജനുവരി മാസം വരെയും വിവാഹ ധനസഹായം 2013 വരെയും പ്രസവ ധനസഹായം 2014 വരെയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ